പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ആറാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017 ഏപ്രിൽ

പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ആറാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

492/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സമിതിയുടെ ഘടന | .. v |
| 2. | റിപ്പോർട്ട് | .. 1 |
| 3. | 2017 ഏപ്രിൽ 25-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. 2 |

# കാര്യോപദേശക സമിതി

**ഘടന**

**എക്സ്-ഒഫീഷ്യോ ചെയർമാൻ :**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ (സ്പീക്കർ)

**അംഗങ്ങൾ :**

ശ്രീ. എ. കെ. ബാലൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. കെ. എം. മാണി

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പിണറായി വിജയൻ

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി.

## റിപ്പോർട്ട്

സഭാ നേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2017 ഏപ്രിൽ 25-ാം തീയതി, ചൊവ്വാഴ്ച രാവിലെ 11.15-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെക്കൊടുത്തിരിക്കുന്നു:

ഒന്നാം കേരള നിയമസഭയുടെ ആദ്യയോഗം ചേർന്നതിന്റെ അറുപതാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി 2017 ഏപ്രിൽ 27, വ്യാഴാഴ്ചത്തെ സഭാ സമ്മേളനം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ ചേരുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

അന്നേദിവസത്തേക്ക് നീക്കിവച്ചിരുന്ന ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച താഴെപ്പറയുന്ന തീയതികളിൽ നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥനകളോടൊപ്പം ചർച്ച ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| *ധനാഭ്യർത്ഥനയുടെ നമ്പരും പേരും* | *തീയതി* |
|---|---|
| XL—തുറമുഖങ്ങൾ | 2017 മേയ് 9 ചൊവ്വാഴ്ച |
| IX—വാഹനനികുതികൾ<br>XLI—ഗതാഗതം | 2017 മേയ് 16 ചൊവ്വാഴ്ച |

2017 ഏപ്രിൽ 27-ലെ സഭാ സമ്മേളനത്തിൽ ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവ ഒഴിവാക്കിക്കൊണ്ട് ചോദ്യോത്തരവേളയ്ക്കുശേഷമുള്ള സമയം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികത്തിന്റെ അനുസ്മരണത്തിനും 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബില്ലിന്റെ അവതരണത്തിനും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കുമായി വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. 2017 ഏപ്രിൽ 28, വെള്ളിയാഴ്ച സഭ ചേരേണ്ടതില്ലായെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 ഏപ്രിൽ 26.

പിണറായി വിജയൻ,
*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

## 2017 ഏപ്രിൽ 25-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2017 ഏപ്രിൽ 25-ാം തീയതി, ചൊവ്വാഴ്ച രാവിലെ 11.15-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. എ. കെ. ബാലൻ
2. ശ്രീ. ഇ. ചന്ദ്രശേഖരൻ
3. ശ്രീ. കെ. എം. മാണി
4. ശ്രീ. മാത്യു ടി. തോമസ്
5. ശ്രീ. രമേശ് ചെന്നിത്തല
6. ശ്രീ. എ. കെ. ശശീന്ദ്രൻ
7. ശ്രീ. പിണറായി വിജയൻ
8. ശ്രീ. എസ്. ശർമ്മ (പ്രത്യേക ക്ഷണപ്രകാരം)
9. ശ്രീ. കെ. സി. ജോസഫ് (പ്രത്യേക ക്ഷണപ്രകാരം)
10. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (പ്രത്യേക ക്ഷണപ്രകാരം)
11. ശ്രീ. വി. എസ്. സുനിൽ കുമാർ (പ്രത്യേക ക്ഷണപ്രകാരം)
12. ശ്രീ. തോമസ് ചാണ്ടി (പ്രത്യേക ക്ഷണപ്രകാരം)
13. ഡോ. എം. കെ. മുനീർ (പ്രത്യേക ക്ഷണപ്രകാരം)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി

ഒന്നാം കേരള നിയമസഭയുടെ ആദ്യയോഗം ചേർന്നതിന്റെ അറുപതാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി 2017 ഏപ്രിൽ 27, വ്യാഴാഴ്ചത്തെ സഭാ സമ്മേളനം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ

ചേരുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. അന്നേദിവസത്തേക്ക് നീക്കിവച്ചിരുന്ന ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച താഴെപ്പറയുന്ന തീയതികളിൽ നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥകളോടൊപ്പം ചർച്ച ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു:

| *ധനാഭ്യർത്ഥനയുടെ നമ്പരും പേരും* | *തീയതി* |
|---|---|
| XL—തുറമുഖങ്ങൾ | 2017 മേയ് 9 ചൊവ്വാഴ്ച |
| IX—വാഹനനികുതികൾ<br>XLI—ഗതാഗതം | 2017 മേയ് 16 ചൊവ്വാഴ്ച |

2017 ഏപ്രിൽ 27-ലെ സഭാ സമ്മേളനത്തിൽ ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവ ഒഴിവാക്കുന്നതിനും ചോദ്യോത്തരവേളയ്ക്കുശേഷമുള്ള സമയം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികത്തിന്റെ അനുസ്മരണത്തിനും 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബില്ലിന്റെ അവതരണത്തിനും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കുമായി വിനിയോഗിക്കണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

2017 ഏപ്രിൽ 28, വെള്ളിയാഴ്ച സഭ ചേരേണ്ടതില്ലായെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 11.30-ന് പിരിഞ്ഞു

---